Deshabhimani 24.01.18

# വേനലിലും റബറിന് ആരോഗ്യത്തോടെ വളരാൻ

കൃഷി

● കെ കെ ബെന്നി

വേനലിനെ ചെറുക്കാൻ കഴിവുള്ളവിളയാണ് റബർ. എങ്കിലും വേനൽക്കാലത്ത് റബറിനെ ആരോഗ്യത്തോടെ നിലനിർത്താൻ ചുരുക്കം ചില സംരക്ഷണ നടപടികൾ എടുക്കേണ്ടതുണ്ട്. മണ്ണിൽനിന്നും ചെടിയിൽനിന്നും ഉള്ള ജലനഷ്ടം പരമാവധി കുറയ്ക്കുക എന്നതിനാണ് സംരക്ഷണനടപടികളിൽ പ്രാധാന്യം കൊടുക്കേണ്ടത്.



## പുതയിടൽ

മണ്ണിൽനിന്നുള്ള ജലനഷ്ടം കുറയ്ക്കുന്നതിന് തൈകളുടെ ചുവട്ടിൽ നന്നായി പുതയിടുക. ഉണങ്ങിയ പുല്ലോ കരിയിലയോ ചപ്പുചവറുകളോ ഉപയോഗിച്ച് പുതയിടാം. പച്ചയിലകൾ ചെറുതായെങ്കിലും വാടിയശേഷം മാത്രമേ പുതയിടാനായി ഉപയോഗിക്കാവൂ. തൈയുടെ ചുവട്ടിൽനിന്ന് 10 സെന്റിമീറ്ററെങ്കിലും വിട്ടുവേണം പുതയിടാൻ. കഴിയുന്നതും വേനലിന്റെ തുടക്കത്തിൽതന്നെ ഇതു ചെയ്താൽ മണ്ണിൽ നിലവിലുള്ള ജലാംശം പരമാവധി സംരക്ഷിക്കപ്പെടുകയും അത് ചെടികൾക്ക് കിട്ടുകയും ചെയ്യും. മാത്രമല്ല, ഇടയ്ക്ക് കിട്ടാറുള്ള വേനൽമഴയിൽനിന്നുള്ള വെള്ളം പരമാവധി മണ്ണിൽ സംരക്ഷിക്കപ്പെടുന്നതിനും ഇത് ഉപകരിക്കും. പുതയിടുന്ന വസ്തുക്കൾ അഴുകി പിന്നീട് തൈക്ക് വളമായി മാറുകയും ചെയ്യും.

## മറച്ചുകെട്ടൽ

വേനലിൽ ചെറുതൈകളെ ശക്തമായ സൂര്യപ്രകാശത്തിൽനിന്നു സംരക്ഷിക്കുന്നതിന് ചൂടൽ കൊടുക്കുന്നത് നന്നാകും. മെടഞ്ഞതോ മെടയാത്തതോ ആയ തെങ്ങോലയോ ചാക്കുകളോ ഉപയോഗിച്ച് മറച്ചുകെട്ടാം. ചൂടൽ കൊടുക്കുമ്പോൾ തൈയുടെ ചുവട്ടിൽനിന്നു കുറച്ച് വിട്ട് തെക്കുപടിഞ്ഞാറുവശത്ത് ഒരു കമ്പ് നാട്ടി അതിൽ വേണം ചൂടൽ കെട്ടിവയ്ക്കാൻ. അല്ലാതെ, തൈകൾ പൂർണമായും മുടിക്കെട്ടുന്നത് നല്ലതല്ല. തെക്കോട്ടും പടിഞ്ഞാറോട്ടും ചരിഞ്ഞ ഭൂമിയിൽ വെയിലടിക്കുന്നത് പൊതുവേ കൂടുതലായതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിലെ തൈകളെ പ്രത്യേകം ശ്രദ്ധിക്കണം.

## വെള്ളപൂശൽ

ചെറുതൈകൾക്ക് ഇലച്ചിൽ വന്ന് മൂടുന്നതുവരെ തായ്ത്തടിയിൽ വെള്ളപൂശണം. തണ്ടിൽ പച്ചനിറം മാറി ബ്രൗൺനിറമായിട്ടുള്ള ഭാഗങ്ങളിൽ വെള്ളപൂശാം. നല്ല നീറ്റുകക്ക ചൂടുവെള്ളം ഉപയോഗിച്ച് നീറ്റിയെടുത്തു കിട്ടുന്ന ചുണ്ണാമ്പ് ഉപയോഗിച്ചുവേണം. വെള്ളപൂശാൻ. ചുണ്ണാമ്പിൽ കുറച്ച് കഞ്ഞിവെള്ളമോ പശയോ (കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നത്) ചേർത്തടിച്ചാൽ ഇടയ്ക്ക് കിട്ടാറുള്ള വേനൽമഴയിൽ വെള്ളപൂശിയത് ഒലിച്ചുപോകാതിരിക്കും. വെള്ളപൂശാൻ ഉപയോഗിക്കുന്ന ചുണ്ണാമ്പിൽ തുരിശ്ശു ചേർക്കരുത്.

## ടാപ്പ്ചെയ്യുന്ന തോട്ടങ്ങളിൽ

ടാപ്പ്ചെയ്യുന്ന തോട്ടങ്ങളിലെ വെട്ടുപട്ടയിൽ വേനലിനെ ചെറുക്കാനായി പ്രത്യേകിച്ചൊന്നും പുരട്ടേണ്ടതില്ല. തോട്ടത്തിന്റെ അതിരിൽ (തെക്കുവശത്തും പടിഞ്ഞാറുവശത്തും) നിൽക്കുന്ന മരങ്ങളിൽ മാത്രം വെട്ടുപട്ടയിലും തായ്ത്തടിയിൽ വെയിലടിക്കുന്ന ഭാഗത്തും വെള്ളപൂശുന്നത് നല്ലതാണ്.

## ഫയർ ബെൽറ്റ്

ഡിസംബർ-ജനുവരിയിൽറബറിന്റെ സ്വാഭാവിക ഇലകൊഴിച്ചിൽ സമയമായതിനാൽ തോട്ടങ്ങളിൽ ധാരാളം കരിയിലകൾ ഉണ്ടാകും. വഴിയരികിലുള്ള തോട്ടങ്ങളിൽ ഈ സമയത്ത് തീ പടരാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് തോട്ടത്തിനുചുറ്റും മൂന്നുമുതൽഅഞ്ചുവരെ മീറ്റർ വീതിയിൽ ഒരു റോഡ്പോലെ കരിയിലകളും ചപ്പുചവറുകളും നീക്കംചെയ്യണം. വേനൽ തീരുന്നതുവരെ ഇടയ്ക്കിടയ്ക്ക് ഈ ഫയർബെൽറ്റുകൾ തൂത്തുവൃത്തിയാക്കുന്നത് തോട്ടത്തിലേക്ക് തീ പടരാതിരിക്കാൻ സഹായിക്കും.

(കോട്ടയത്ത് റബ്ബർബോർഡിൽ ഫാം ഓഫീസറാണ് ലേഖകൻ)